ഉത്തരം

(എ) ഇല്ല.

(ബി) 16.2.2000- ന് ശേഷം പുതിയ ഒഴിവുകൾ ഉണ്ടായിട്ടില്ല.

(സി) സർക്കാരിന്റെ പൊതുനയത്തിന് വിധേയമായി മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളു.

**സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കാൻ നിവേദനം**

**14 (669)** ശ്രീ. എ. കണ്ണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-നരിപ്പറ്റ-ചിക്കോട്- വെളുത്ത പറമ്പത്ത് ശ്രീ. വി. പി. ഗോവിന്ദൻ എന്നയാൾക്ക് സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1991 ലും 1996 ലും ആയി ശ്രീ. വി.പി. ഗോവിന്ദൻ സ്വാതന്ത്ര്യസമരസേനാനി പെൻഷനുവേണ്ടി സമർപ്പിച്ചിരുന്ന രണ്ടു അപേക്ഷകളും കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരവും സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടപ്രകാരവും സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് യാതന അനുഭവിച്ചിട്ടുണ്ടെന്നു തെളിയിക്കുന്നതിന് മതിയായ തെളിവു രേഖകൾ ഹാജരാക്കാത്തതിനാൽ പെൻഷൻ അനുവദിച്ചിട്ടില്ല. രണ്ടു തവണയും വിശദമായ മറുപടി നൽകി ശ്രീ. ഗോവിന്ദനെ സർക്കാരിന്റെ തീരുമാനമറിയിച്ചിട്ടുണ്ട്.

**പഞ്ചിംഗ് സമ്പ്രദായം വ്യാപിപ്പിക്കുന്നതിന് നടപടി**

**15 (670)** ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചിംഗ് സമ്പ്രദായം എത്രത്തോളം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സമ്പ്രദായം കൊണ്ട് ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതൽ മേഖലകളിലേക്ക് ഇതു വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) പഞ്ചിംഗ് സമ്പ്രദായം ഘട്ടംഘട്ടമായി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly